**M 9676**

Reg. No.: ...............................

Name : ...............................

**V Semester B.A. Degree (CCSS – Reg./Supple./Improve.)**
**Examination, November 2015**
**CORE COURSE IN MALAYALAM**
**5B 12 MAL : ദൃശ്യകലാസാഹിത്യം**
**(2012 Admn. Onwards)**

Time : 3 Hours                                                                                    Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് 1. **(4×1=4 വെയിറ്റേജ്)**

1) ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

a) 'രാമനാട്ട'ത്തിന്റെ കർത്താവാര് ?

b) 'ഉത്തരാസ്വയംവരം' ആട്ടക്കഥയിലെ കഥ സ്വീകരിച്ചതെവിടെ നിന്ന് ?

c) 'പെരുന്തച്ചൻ' സംവിധാനം ചെയ്തതാര് ?

d) 'ചുവടി' എന്ന പദം ഏതു കലയുമായി ബന്ധപ്പെട്ടതാണ് ?

2) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

a) മാപ്പിളപ്പാട്ടിലെ ഒരു ഇശലിന്റെ പേരാണ് ?
(കമ്പി, ഒപ്പന, വാൽക്കമ്പി, ഏഴാമത്തുകളി)

b) സിനിമയുടെ ബ്ലൂപ്രിന്റ് എന്നറിയപ്പെടുന്നത് ?
(കഥ, തിരക്കഥ, ഷോട്ട്, സീൻ)

c) താളക്കളിയുടെ ഘട്ടത്തിന് പറയുന്ന പേര് ?
(അടക്കം, തുടക്കം, പുതുക്കം, ഒതുക്കം)

d) ജമ്പ്കട്ട് ആദ്യമായി പരീക്ഷിച്ച സംവിധായകനാര് ?
(ഫെല്ലിനി, പസ്സോളിനി, ഗ്രിഫിത്ത്, ഗോദാർദ്)

P.T.O.

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

a) ഗോപുരനടയിൽ

b) ദക്ഷയാഗം

c) കാഞ്ചന സീത

d) നാട്യശാസ്ത്രം

4) "എന്നെ വിധവയാക്കരുതേ, കഴുത്തിൽ തലയുംവച്ചു തിരിച്ചെത്തുന്നതാണ് കാര്യം."

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) 'വല്ലവനും' എന്ന് ഉദ്ദേശിച്ചതാരെ ?

d) എവിടുത്തെ യുദ്ധത്തെക്കുറിച്ചാണ് പറയുന്നത് ?

5) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) ഉത്തരായണം | – | ലൂയി ബനുവൽ |
| b) സുവർണരേഖ | – | അവതാർ കൃഷ്ണ കൗൾ |
| c) നസാറിൻ | – | ജി. അരവിന്ദൻ |
| d) 27 ഡൗൺ | – | ഋത്വിക് ഘട്ടക് |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(4×1=4 വെയിറ്റേജ്)**

6) "ചോറുതരും യജമാനൻമാരിൽ
കുറുണ്ടായതു കുറ്റമതാണോ ?" സന്ദർഭവും സാരസ്യവും എഴുതുക.

7) "ശ്വാക്കളൊളിച്ചു കടന്നു ഹവിസ്സിനെ
ആക്കമൊടിന്നു കവർന്നതുപോലെ" – ആരുടെ വാക്കുകൾ ? വിശദമാക്കുക.

8) "ലങ്ക ഇത്രയ്ക്ക് അനാഥമോ ? കാര്യമേതും അറിയിക്കേണ്ടവരെ അതാതിന്റെ നേരത്ത് വിളിച്ചറിയിക്കണം" – ആരുടെ വാക്കുകൾ ? സാംഗത്യം വ്യക്തമാക്കുക.



9) കോൽക്കളിയുടെ ഉദ്ഭവത്തെക്കുറിച്ച് ഹരിജനങ്ങളുടെ ഇടയിലുള്ള വിശ്വാസമെന്ത് ?

10) കൂത്ത് എന്ന കലാരൂപത്തെ പരിചയപ്പെടുത്തുക.

11) ദഫ് എന്തെന്നെഴുതുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(5×2=10 വെയിറ്റേജ്)**

12) "ഇല്ല തിരുമേനീ, കാട്ടുകുതിരകൾക്ക് എന്നെ അങ്ങോട്ടു വലിച്ചുകൊണ്ടു പോകാൻ കഴിയില്ല. എന്റെ കടമയാണ് എന്റെ സുഖം" ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

13) സിനിമയിൽ സംവിധായകന്റെ സാന്നിദ്ധ്യം എങ്ങനെയെല്ലാം തിരിച്ചറിയാൻ കഴിയും ?

14) "കർണ്ണസുയോധന ഭീഷ്മാദികളാ –
മർണ്ണവമാശു കടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നുടെ ബാണം" – സന്ദർഭവും സാരസ്യവും എഴുതുക.

15) "കല്ല് ദേവിയായിക്കഴിഞ്ഞു... അപ്പോൾ ആശാരി തീണ്ടാപ്പാടകലെ...." – ആരുടെ വാക്കുകൾ ?സന്ദർഭം വ്യക്തമാക്കുക.

16) പനമ്പള്ളി നമ്പൂതിരിയുടെ സ്വഭാവം നിരൂപണം ചെയ്യുക.

17) കഥകളിയുടെ ഉദ്ഭവത്തെക്കുറിച്ച് എഴുതുക.

18) ചിത്രസംയോജനത്തിന് സിനിമയിലുള്ള പ്രാധാന്യം എന്ത് ? വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(3×4=12 വെയിറ്റേജ്)**

19) 'ഋതുമതി' എന്ന നാടകത്തിന് മലയാള നാടകചരിത്രത്തിലുള്ള സ്ഥാനം നിർണ്ണയിക്കുക.

20) 'ഉത്തരാസ്വയംവരം' ഒരു മികച്ച ആട്ടക്കഥയാകുന്നതെങ്ങനെ ? വിവരിക്കുക.

21) 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന് നിരൂപണം തയ്യാറാക്കുക.

22) നമ്പ്യാർക്കവിതയുടെ സവിശേഷതകൾ 'കിരാതം തുള്ളലി'നെ ആധാരമാക്കി വിവരിക്കുക.

23) ചവിട്ടുനാടകം എന്നാലെന്ത് ? അതിന്റെ ഉല്പത്തിവികാസങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

______________